പച്ചമരുന്നുകൾ കാൻസറിനടക്കം ഗുണകരം -ഡോ.സോളമൻ

കോട്ടയം: പച്ചമരുന്നുകളുടെ ഔഷധഗുണം തിരിച്ചറിഞ്ഞ് രാസഘടകങ്ങൾ വേർതിരിച്ചാൽ കാൻസർ അടക്കമുള്ള രോഗങ്ങൾക്ക് ഗുണകരമാണെന്ന് യു.കെ ഗ്രീൻവിച്ച് യൂനിവേഴ്സിറ്റി ഫാർമകോളജി റിസർച്ച് ലബോറട്ടറി പ്രോഗാംലീഡർ ഡോ.സോളമൻ ഹാബിറ്റി മരിയം: കോട്ടയം സി.എം.എസ് കോളജിൽ ബയോടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ'പച്ചമരുന്നുകളുടെ തന്മാത്രരഹസ്യം'വിഷയത്തിൽ സംഘടിപ്പിച്ച ദിദിനസെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഗുണനിലവാരവുംസുരക്ഷിതത്വവും ഉറപ്പാക്കാൻ പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന പച്ചമരുന്നുകൾക്ക് കഴിയും.ഇത് മാരകരോഗങ്ങൾക്ക് ഏറെ ഫലപ്രദമാണ്. ഇന്ത്യയിൽ ഇതിനുള്ള സാധ്യത ഏറെയാണെന്നും അദ്ദേഹം പറഞ്ഞു.

സി.എം.എസ് കോളജ് ഗ്രേറ്റ്ഹാളിൽ സംഘടിപ്പിച്ച ദ്വിദിനസെമിനാർ എം.ജി സർവകലാശാല വൈസ് ചാൻസലർ ഡോ.എ.വി.ജോർജ് ഉദ്ഘാടനം ചെയ്തു. സി.എസ്.ഐ മധ്യകേരള ഇടവകസെക്രട്ടറി ഫാ.പി.യു.പൗലോസ്,പ്രിൻസിപ്പൽ ഡോ.റോയി സാം ഡാനിയേൽ,പ്രഫ.ജോർജ് ജേക്കബ്, ബയോടെക്നോളജി ഡിപ്പാർട്ട്മെൻറ് തലവൻ ഡോ.കെ.വി.ജോർജ്, കോഓഡിനേറ്റർ ഡോ.സി.എ.സൈനബ എന്നിവർ സംസാരിച്ചു.

സ്ത്രീ ശാക്തീകരണത്തിന് തയാറാകണം

അവസാനവർഷ ബി.എസ്സി പാർട്ട് മൂന്ന് മെയിൻ സപ്ലിമെൻററി (യു.ജി.സി സ്പോൺസേർഡ് ഉൾപ്പെടെ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 25വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.സി.എ (റഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 30 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എസ്സി സുവോളജി (സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 24വരെ അപേക്ഷിക്കാം.

വാക് ഇൻ ഇൻറർവ്യൂ

സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ എം.എസ്സി അനലിറ്റിക്കൽ ആൻഡ് ന്യൂക്ലിയർ കെമിസ്ട്രി മണിക്കൂർ അടിസ്ഥാനത്തിൽ പഠിപ്പിക്കാൻ എം.എസ്സി കെമിസ്ട്രി ബിരുദമുള്ള ഓപൺ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 30ന് രാവിലെ 10.30ന് സ്കൂൾ ഓഫിസിൽ വാക് ഇൻ ഇൻറർവ്യൂവിന് ഹാജരാകണം. ഫോൺ: 0481-2731036

കാലിക്കറ്റ്

ബിരുദ വിദൂരപഠനം: തീയതി നീട്ടി

കാലിക്കറ്റ് സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജുക്കേഷൻ 2013-14 അധ്യയന വർഷത്തെ റെഗുലർ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിലേക്ക് 100 രൂപ പിഴയോടുകൂടി അപേക്ഷിക്കാനുള്ള തീയതി ഒക്ടോബർ 26 വരെ നീട്ടി. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0494 2407356, 2400288.